**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1070** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതിയും പഞ്ചായത്ത് തലത്തിലുള്ള വിതരണ ലൈനുകളുടെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയും അറിയിക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി പ്രകാരം ഹരിപ്പാടിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ ജലവിതരണ ലൈനുകളുടെ പ്രവൃത്തികളും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികളും 13 പഞ്ചായത്തുകളിലുമായി പുരോഗമിച്ചു വരുന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>പദ്ധതിയിൽ 5 സോണുകളിലായി നിർമ്മിക്കുന്ന13 ജല സംഭരണികളിൽ ഒരു ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 12 ഉപരിതല ജലസംഭരണികളുടെയും 800 mm DI റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും പ്രവൃത്തികൾ ദർഘാസ് ഘട്ടത്തിലാണ്. നാഷണൽ ജല ജീവൻ മിഷൻ 16.08.2024 ന് ശേഷം Letter of Acceptance നൽകാൻ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| (ബി) | ജൽജീവൻ മിഷന്റെ നിർവ്വഹണ കാലാവധി അവസാനിച്ച സാഹചര്യത്തിൽ സംസ്ഥാനത്തുടനീളം ജൽജീവൻ മിഷൻ പ്രകാരം ടെണ്ടർ ചെയ്ത വിവിധ പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് നൽകാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ജല ജീവൻ മിഷന്റെ നിർവ്വഹണ കാലാവധി നിലവിൽ 2028 വരെ നീട്ടിയിട്ടുണ്ട്. Letter of Acceptance നൽകാൻ ഉള്ള കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാഷണൽ ജല ജീവൻ മിഷനു അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന്റെ മുൻപാകെ ഈ വിഷയം അവതരിപ്പിച്ചിട്ടുണ്ടോ; പ്രത്യേക പ്രതിനിധി സംഘം ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. നാഷണൽ ജൽ ജീവൻ മിഷന്റെ അവലോകന യോഗങ്ങളിൽ പ്രസ്തുത വിഷയം നിരന്തരം ഉന്നയിച്ച് വരുന്നു |

| | | | |
|---|---|---|---|
| (ഡി) | ഈ സാങ്കേതിക പ്രശ്നം മറികടക്കുന്നതിന് സർക്കാർ തലത്തിൽ തന്നെ പ്രത്യേക അനുമതി നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ നാഷണൽ ജൽ ജീവൻ മിഷന്റെ അനുമതിയോടെ മാത്രമേ പുതിയ ടെണ്ടറുകൾ നടപ്പിലാക്കാനാവൂ. ജല ജീവൻ മിഷന്റെ നിർവ്വഹണ കാലാവധി നിലവിൽ 2028 വരെ നീട്ടിയിട്ടുണ്ട്. Letter of Acceptance നൽകാൻ ഉള്ള കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നാഷണൽ ജല ജീവൻ മിഷനു അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | സ്ഥാപിക്കേണ്ട പൈപ്പിന്റെ നീളം (കി.മീ) | നിലവിൽ സ്ഥാപിച്ച പൈപ്പിന്റെ നീളം (കി.മീ) | നൽകേണ്ട കണക്ഷനുകൾ | നൽകിയ കണക്ഷനുകൾ |
|---|---|---|---|---|---|
| 1 | കരുവാറ്റ | 91.952 | 41.96 | 3183 | 45 |
| 2 | ചിങ്ങോലി | 65.852 | 16.59 | 1616 | 28 |
| 3 | തൃക്കുന്നപ്പുഴ | 88.3 | 43.44 | 348 | 236 |
| 4 | ചെറുതന | 76.64 | 15.127 | 2275 | 122 |
| 5 | ആറാട്ടുപുഴ | 111.548 | 6 | 2399 | 272 |
| 6 | കാർത്തികപ്പള്ളി | 44.15 | 38 | 449 | 304 |
| 7 | ചേപ്പാട് | 94.1 | 61.32 | 5022 | 2103 |
| 8 | കണ്ടല്ലൂർ | 90.523 | 23.35 | 2258 | 270 |
| 9 | കുമാരപുരം | 91.31 | 36.79 | 3138 | 374 |
| 10 | മുതുകുളം | 89.138 | 48.339 | 2343 | 151 |
| 11 | പള്ളിപ്പാട് | 98.87 | 58.16 | 3194 | 260 |
| 12 | ദേവികുളങ്ങര | 87.68 | 56.18 | 4785 | 206 |
| 13 | പത്തിയൂർ | 143.389 | 86.465 | 7088 | 1415 |